


# കാട് കയറാൻ കുട്ടമ്പുഴയിൽ കുടുംബശ്രീയുടെ ജംഗിൾ സഫാരി

നൂതനമായ ആശയങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിൽ എപ്പോഴും മുൻകൈയെടുക്കുന്ന ടീമാണ് കുടുംബശ്രീ എറണാകുളം ജില്ലാ ടീം. ടൂറിസം മേഖലയിൽ ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ ഭാഗമായി ഒരു നൂതന സംരംഭ ആശയമാണ് ഇപ്പോൾ എറണാകുളത്ത് കുട്ടമ്പുഴയിൽ ഇവർ പ്രാവർത്തികമാക്കിയിരിക്കുന്നത്. കുട്ടമ്പുഴയിലെത്തുന്ന വിനോദ സഞ്ചാരികൾക്ക് കാനന സൗന്ദര്യവും സാംസ്ക്കാരിക വൈവിധ്യവും ആസ്വദിക്കാനുള്ള ടൂറിസം പാക്കേജ് സംരംഭ മാതൃകയിൽ എറണാകുളം കുടുംബശ്രീ ജില്ലാ ടീം പട്ടികവർഗ്ഗ സുസ്ഥിര വികസന പദ്ധതിയുടെ ഭാഗമായി അവതരിപ്പിച്ചിരിക്കുകയാണ്.

കുട്ടമ്പുഴ പഞ്ചായത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുൾപ്പെടുന്ന സംരംഭമായ 'സഹ്യ' യൂണിറ്റാണ് വിനോദ- വിജ്ഞാന യാത്രാ പദ്ധതിയായ 'കുട്ടമ്പുഴ ജംഗിൾ സഫാരി' യിലൂടെ സന്ദർശകരെ കുട്ടമ്പുഴയിലേക്ക് സ്വീകരിക്കുന്നത്. രമണി ചക്രപാണി, പ്രകാശൻ എന്നിരാണ് ഈ യൂണിറ്റിലെ അംഗങ്ങൾ. ഇവർ തന്നെയാണ് സഫാരി പ്രവർത്തനങ്ങൾ നടത്തുന്നതും. വനത്തിനുള്ളിലൂടെ കാൽ നടയായി നടന്നു തന്നെ വന സൗന്ദര്യം ആസ്വദിക്കാമെന്നതാണ് യാത്രയുടെ പ്രത്യേകത. വനാന്തരത്തിൽ ഒരുക്കിയ ഭക്ഷണവും ഏറുമാടത്തിനു മുകളിലെ വിശ്രമവും തടാകത്തിലെ വഞ്ചി തുഴയലും യാത്രക്കാർക്കായി ഒരുക്കിയിട്ടുണ്ട്. താല്പര്യമുള്ളവർക്ക് ട്രക്കിങ്ങിനും, പുഴയിൽ നീന്തിക്കുളിക്കാനും, മീൻ പിടിക്കാനുമൊക്കെ അവസരമൊരുക്കിയിരിക്കുന്നു. കുട്ടമ്പുഴയിലെ പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങളായ മുനിയറ, വനദുർഗ്ഗാ ക്ഷേത്രം, ആനത്താര് എന്നിവിടങ്ങളും പാക്കേജിന്റെ ഭാഗമായി സന്ദർശിക്കാം.

കുട്ടമ്പുഴ പഞ്ചായത്തുമായി ചേർന്നാണ് എറണാകുളം കുടുംബശ്രീ ടീം ഇങ്ങനെയൊരു ടൂറിസം പാക്കേജ് ആരംഭിച്ചത്. രാവിലെ 8 മണിക്ക് ആരംഭിക്കുന്ന സഫാരി വൈകിട്ട് 6 മണിയോടെ അവസാനിക്കും. കോവിഡ് പ്രോട്ടോക്കോൾ പൂർണ്ണമായി പാലിച്ചുകൊണ്ടാണ് പാക്കേജ് നടപ്പിലാക്കുന്നത്. ജീപ്പിലാണ് സഫാരിയുടെ ഭാഗമായുള്ള യാത്ര ഒരുക്കിയിരിക്കുന്നതും. പ്രകാശനാണ് ജീപ്പ് ഓടിക്കുന്നത്. രമണി ചക്രപാണി ഗൈഡായും സംഘത്തിനൊപ്പമുണ്ടാകും. 5000 രൂപയാണ് പാക്കേജിനായി ആറ് പേർ വരെയടങ്ങുന്ന ഒരു സംഘത്തിൽ നിന്ന് ഈടാക്കുന്നത്. ജീപ്പിലെ സൗകര്യം അനുസരിച്ച് മുതിർന്ന ഒരാൾക്ക് കൂടി സഫാരിയുടെ ഭാഗമാകാനാകും. അങ്ങനെയെങ്കിൽ 500 രൂപ അധികമായി ഈടാക്കും. പ്രഭാത ഭക്ഷണവും, നോൺ വെജ് ഉൾപ്പെടെയുള്ള ഉച്ചഭക്ഷണവും, ചായയും ചെറുകടിയും പാക്കേജിന്റെ ഭാഗമായി നൽകും. ഈ ഭക്ഷണ വിഭവങ്ങൾ തയാറാക്കി

നൽകുന്നതും കുടുംബശ്രീ അംഗങ്ങൾ തന്നെയാണ്. കൂടുതൽ വിവരങ്ങൾക്കും ബുക്കിങ്ങിനുമായി **9846667907** എന്ന നമ്പരിൽ വിളിക്കാം.

കുടുംബശ്രീയുമായി സഹകരിച്ച് ഇങ്ങനെയൊരു പാക്കേജ് നടപ്പിലാക്കാൻ സന്നദ്ധത കാണിച്ച കുട്ടമ്പുഴ പഞ്ചായത്ത് അധികൃതർക്ക് നന്ദി രേഖപ്പെടുത്തട്ടെ. ഇങ്ങനെയൊരു പദ്ധതി തയാറാക്കി നടപ്പിലാക്കിയ എറണാകുളം ജില്ലാ ടീമിന് അഭിനന്ദനങ്ങൾ. സഹ്യ യൂണിറ്റിനും ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന അയൽക്കൂട്ടാംഗങ്ങൾക്കും വിജയാശംസകളും നേരുന്നു.